ശ്രീ. ആർ. ശങ്കർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളതു് ശരിയല്ല.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

* 666. [11] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി അരുൾചെയ്യുമോ:

(എ) ഈ സംസ്ഥാനത്തു് ഇപ്പോൾ എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ടു്;

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ മുഖാന്തിരം വ്യവസായികൾക്കു് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാം;

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ കെട്ടിടങ്ങളിൽ ഏതെങ്കിലും ഒഴിഞ്ഞു കിടപ്പുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയാണു്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ):

(എ) എട്ടെണ്ണം പ്രവർത്തിക്കുന്നുണ്ടു്. രണ്ടെണ്ണത്തിന്റെ പണി നടന്നു കൊണ്ടിരിക്കുന്നു.

(ബി) വ്യവസായികൾക്കു് പ്രധാനമായും നേരിടുന്ന വിഷമം സൗകര്യപ്രദമായ ഫാക്ടറികൾ കിട്ടാത്തതാണു്. വ്യവസായ എസ്റ്റേറ്റുകൾ മുഖാന്തിരം ഏലക്ട്രിസിറ്റി, വെള്ളം മുതലായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഫാക്ടറി ഷെഡ്ഡുകൾ കുറഞ്ഞനിരക്കിൽ വാടകയ്ക്കു് കൊടുക്കുന്നു. ഈ എസ്റ്റേറ്റുകൾക്കുള്ളിൽ റോഡു്, പോസ്റ്റാഫീസു്, ബാങ്കു്, മെഡിക്കൽ ശാല, വിനോദത്തിനുള്ള സൗകര്യങ്ങൾ ഇവയെല്ലാമുണ്ടു്. പല വ്യവസായങ്ങൾ കേന്ദ്രീകരിച്ചു നടത്തുന്നതിനാൽ ആധുനികരീതികൾ പ്രയോജനപ്പെടുത്തുന്നതിനും അസംസ്കൃതസാധനങ്ങൾ ഒരുമിച്ചു വാങ്ങുന്നതിനും മറ്റും സൗകര്യം ലഭിക്കുന്നു.

(സി) ഉണ്ടു്.

(ഡി) പാലക്കാടു് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ.

ശ്രീ. എം. സി. ഏബ്രഹാം: പല ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലും ഇവിടെ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്ന ആളുകൾക്കു് കൂടുതൽ ഷെഡ്ഡുകൾ ആവശ്യപ്പെട്ടിട്ടു കിട്ടുന്നില്ലെന്നുള്ള പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ചില എസ്റ്റേറ്റുകളിൽ കൂടുതൽ ഷെഡ്ഡു് ആവശ്യമുണ്ടെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണു്. ആ കുറവു് നീക്കുന്നതിനു് ഗവണ്മെന്റു് ശ്രമിക്കുന്നതാണു്.

ശ്രീ. എ. എ. റഹിം: ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽനിന്നു ഈടാക്കിക്കൊണ്ടിരിക്കുന്ന വാടക കൂട്ടുന്നുണ്ടെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: അങ്ങനെയുള്ള ആലോചനയൊന്നും ഇപ്പോൾ ഗവണ്മെന്റിന്റെ മുൻപിലില്ല.

ശ്രീ. പി. പി. കുഞ്ഞുണ്ണിനായർ: കുറെ കെട്ടിടങ്ങളുടെ പണി നടക്കുന്നുണ്ടെന്നുപറഞ്ഞു. കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കുകളാണു് അവ. ഈ വർഷാവസാനത്തോടുകൂടിതന്നെ കെട്ടിടങ്ങളുടെ പണി തീരുമോ? എവിടെയെല്ലാമാണു് ഇത്തരം കെട്ടിടങ്ങളുടെ പണി നടക്കുന്നതു്?

ശ്രീ. കെ. എ. ദാമോദര മേനോൻ: 1963-64 സാമ്പത്തികവർഷത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പണിയുന്നതിനുവേണ്ടി നീക്കിവച്ചിട്ടുള്ള സംഖ്യ മുഴുവനും ചെലവാക്കാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കുറെക്കൂടി ചെലവാക്കാൻ കഴിയുമെന്നാണു് പ്രതീക്ഷിക്കുന്നതു്. എവിടെയൊക്കെയാണു് ഇതിന്റെ പണി നടക്കുന്നതെന്നുള്ളതിനെപ്പറ്റി പ്രത്യേകമായി ചോദിച്ചാലെ പറയുവാൻ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി നഫീസത്തുബീവി: കയർവ്യവസായരംഗത്തുള്ള തകർച്ചയും വർദ്ധമാനമായ തൊഴിലില്ലായ്മയും പരിഗണിച്ച് ആലപ്പുഴയിൽ ഒരു മറൈൻ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനു് ആലോചിക്കുമോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: ആലപ്പുഴയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാനുള്ള നിശ്ചയം ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം സിറ്റി കാർപ്പൊറേഷന്റെ തിരഞ്ഞെടുപ്പ്

* 667. [12] † ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കാലാവധിയിന്നു തിരുവനന്തപുരം സിറ്റി കാർപ്പൊറേഷന്റെ തിരഞ്ഞെടുപ്പു നീട്ടിവയ്ക്കാൻ പ്രത്യേക കാരണങ്ങളെന്താണു്;

(ബി) സിറ്റി കാർപ്പൊറേഷനോടു പുതുതായി ചേർത്തിട്ടുള്ള പ്രദേശങ്ങൾക്കു് കാർപ്പൊറേഷൻ ഇപ്പോഴും കരം ഈടാക്കിവരുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ തിരഞ്ഞെടുപ്പു കഴിഞ്ഞു പുതിയ കൗൺസിൽ രൂപം പ്രാപിക്കുന്നതുവരെ പ്രസ്തുത കരംപിരിവു നിർത്തിവയ്ക്കുവാൻ ഗവണ്മെന്റ് കാർപ്പൊറേഷനെ നിർദ്ദേശിക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ):

(എ) നിലവിലിരുന്ന കൗൺസിലിന്റെ കാലാവധി 1-1-1964 വരെയായിരുന്നു. 1961–62 വർഷങ്ങളിൽ കടകംപള്ളി, ഉള്ളൂർ, രണ്ടാമട, വട്ടിയൂർക്കാവു്, തിരുമല, അമ്പലത്തറ എന്നീ പഞ്ചായത്തുകളിൽപ്പെട്ട ചില പ്രദേശങ്ങളും കാർപ്പറേഷനധീനപ്പെടുത്തുകയുണ്ടായി. പുതുതായുൾപ്പെടുത്തിയ പ്രദേശങ്ങൾക്കു് കൗൺസിലിൽ പ്രാതിനിദ്ധ്യം കൊടുക്കുകയും വാർഡുകളുടെ പുനർവിഭജനം നടത്തുകയും ചെയ്യേണ്ടതു് ആവശ്യമായിവന്നു. കൂടാതെ കാലിക്കട്ടുസിറ്റി മുൻസിപ്പൽ ആക്ടിലെ വ്യവസ്ഥകളും തിരുവനന്തപുരം നഗരത്തിനു് ബാധകമാക്കണമെന്നും ഗവണ്മെന്റു് തീരുമാനിച്ചു് അക്കാര്യങ്ങൾക്കുള്ള നിയമനിർമ്മാണം പൂർത്തിയാക്കി 1-1-1964–നു മുൻപു് കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പു് നടത്താൾ സാധിക്കാതെവന്നു. അതിനാൽ കൗൺസിലിന്റെ കാലാവധി ദീർഘിപ്പിക്കാൻ ഗവണ്മെന്റു് നിർബന്ധിതമായി.

(ബി) ഉണ്ടു്.

(സി) നിലവിലിരിക്കുന്ന തിരുവനന്തപുരം സിറ്റി മുൻസിപ്പൽ ആക്ടനുസരിച്ചു് ഗവണ്മെന്റിനു് അധികാരമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: കാർപ്പറേഷനിൽ പുതിയതായി ഉൾപ്പെടുത്തിയ പ്രദേശങ്ങളുടെ നിയമനിർമ്മാണം കഴിയുകയും കാർപ്പറേഷന്റെ മറ്റു പ്രവർത്തനങ്ങൾ അങ്ങോട്ടു് വികസിപ്പിക്കുകയും ചെയ്യുന്നതിനുമുൻപു് അവിടെ കരം ചുമത്തിയതു് ശരിയല്ലെന്നുള്ള ഒരു നിർദ്ദേശം കാർപ്പറേഷനു കൊടുക്കാൻ ഗവണ്മെന്റു് തയ്യാറാകുമോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: അതൊക്കെ സ്വയംഭരണാധികാരമുള്ള കാർപ്പറേഷനാണു് ആലോചിച്ചു തീരുമാനിക്കാനുള്ളതു്.

സ്പിന്നിംഗ് മില്ലുകൾ

* 668. [13] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് അടുത്ത സാമ്പത്തികവർഷത്തിൽ ഏതെങ്കിലും സ്പിന്നിംഗ് മില്ലുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

† Put by Shri E. P. Gopalan.

LIBRARY ARCHIVES Kerala Legislative Assembly